നം:ICDS.A2/22394/17(1)

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി : 1. 4. 2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന പദ്ധതി - ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ അവാർഡുകൾ - അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : സർക്കാർ ഉത്തരവ് സാ.ധാ. നം.219/2017/സാനീവ തീയതി 31.3.17.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വികേന്ദ്രീകൃതാസൂത്രണ പ്രകാരം അങ്കണവാടികൾ ഗ്രാമപഞ്ചായത്തുകൾക്കും ICDS പ്രോജക്ട് ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും കൈമാറിയിട്ടുള്ള സ്ഥാപനങ്ങളാണ്. അതുകൊണ്ടു തന്നെ അങ്കണവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, അനുപൂരക പോഷകാഹാര പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടേയും ICDS ഓഫീസ് സംവിധാനം കാര്യക്ഷമമാക്കി അങ്കണവാടികളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തേണ്ടത് ബ്ലോക്ക് പഞ്ചായത്തുകളുടേയും ചുമതലയാണ്.

മേൽ സാഹചര്യത്തിൽ അങ്കണവാടികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി അങ്കണവാടി പ്രവർത്തനങ്ങളിൽ മികച്ച സേവനം കാഴ്ച വയ്ക്കുന്ന, ഓരോ ജില്ലയിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തിനും സംസ്ഥാനത്ത് ഒരു ബ്ലോക്ക് പഞ്ചായത്തിനും അവാർഡ് ഏർപ്പെടുത്തുന്നതിന് മേൽ സൂചന പ്രകാരം തീരുമാനിച്ചിരിക്കുന്നു. മികച്ച സേവനം കാഴ്ച വയ്ക്കുന്ന ഓരോ പഞ്ചായത്തിനും 10,000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ശിൽപവും, സംസ്ഥാനത്തെ ഒരു ബ്ലോക്ക് പഞ്ചായത്തിന് 50,000 രൂപയും പ്രശസ്തി പത്രവും ശിൽപവും അടങ്ങുന്നതാണ് അവാർഡുകൾ. പ്രസ്തുത അവാർഡിന് പരിഗണിക്കുന്നതിനായി ജില്ലകളിൽ നിന്നും ഇത്തരത്തിൽ മികച്ച സേവനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നാമനിർദ്ദേശങ്ങൾ ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. 2016-17

സാമ്പത്തിക വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രകടനം കൂടി അവാർഡിനായി പരിഗണിക്കേണ്ടതാണ്.

അവാർഡ് നാമനിർദ്ദേശങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും തെരഞ്ഞെടുക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ജില്ലാ പ്രോഗ്രാം ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി ജില്ലകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൽ നിന്നും പരമാവധി 3 പഞ്ചായത്തുകൾ, ഒരു ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ വിവരങ്ങൾ ഉൾപ്പെട്ട നാമനിർദ്ദേശം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശം സമർപ്പിക്കേണ്ട നിശ്ചിത ഫാറം 1 എ, 2 എ എന്നിവ ഉള്ളടക്കം ചെയ്യുന്നു. ഇപ്രകാരം ജില്ലാതലത്തിൽ ലഭ്യമാകുന്ന നാമനിർദ്ദേശങ്ങൾ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, ഡയറക്ടർ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എന്നിവരടങ്ങുന്ന സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് ഒരു ജില്ലയിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തിനെയും സംസ്ഥാന തലത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്തിനെയും അവാർഡിനായി തെരഞ്ഞെടുക്കുന്നതാണ്. (മാർഗ്ഗനിർദ്ദേശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.)

ഗ്രാമപഞ്ചായത്തുകളെ അവാർഡിന് പരിഗണിക്കപ്പെടുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ അനുബന്ധം എ യിലും ബ്ലോക്ക് പഞ്ചായത്തുകളെ അവാർഡിന് പരിഗണിക്കപ്പെടുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ അനുബന്ധം ബി യിലും ഉൾക്കൊള്ളിക്കുന്നു.

**<u>സമയക്രമം</u>**

| | | |
|---|---|---|
| 1. | ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും നാമനിർദ്ദേശങ്ങൾ ക്ഷണിക്കേണ്ട തീയതി | - 5.4.2017 |
| 2. | നാമനിർദ്ദേശം സമർപ്പിക്കേണ്ട അവസാന തീയതി | -20.4.2017 |
| 3. | നാമനിർദ്ദേശം ജില്ലാതല കമ്മിറ്റി പരിശോധിക്കേണ്ട അവസാന തീയതി | - 30.4.2017 |
| 4. | നാമനിർദ്ദേശം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | - 5.5.2017 |

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

ഈ.ജെ.1.4.17

# മാർഗ്ഗനിർദ്ദേശങ്ങൾ

1. അവാർഡ് സംബന്ധിച്ച് വ്യക്തമായ അറിയിപ്പ് പ്രോഗ്രാം ഓഫീസർമാർ സി.ഡി.പി.ഒ.മാർ മുഖാന്തിരം ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും നല്കേണ്ടതാണ്.
2. അവാർഡ് നാമനിർദ്ദേശങ്ങൾക്കായി സർക്കാർ ജില്ലാതലത്തിൽ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ( ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.)
3. ഗ്രാമപഞ്ചായത്തുകൾ സമർപ്പിക്കുന്ന നാമനിർദ്ദേശങ്ങൾ സൂപ്പർവൈസർമാർ സൂക്ഷ്മ പരിശോധന നടത്തി സി.ഡി.പി.ഒ. മാരുടെ അംഗീകാരത്തോടുകൂടി പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. (അപേക്ഷാ ഫാറം 1 എ ഉൾപ്പെടുത്തുന്നു)
4. ബ്ലോക്ക് പഞ്ചായത്തിന്റെ നാമനിർദ്ദേശങ്ങൾ സി.ഡി.പി.ഒ. മാർ സ്വീകരിക്കേണ്ടതും മാനദണ്ഡത്തിനനുസരിച്ച് സൂക്ഷ്മ പരിശോധന നടത്തി പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. (അപേക്ഷാ ഫാറം 2 എ ഉൾപ്പെടുത്തുന്നു)
5. നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാകുന്ന നാമനിർദ്ദേശങ്ങൾ ജില്ലാതല കമ്മിറ്റി മുൻപാകെ പ്രോഗ്രാം ഓഫീസർമാർ സമർപ്പിക്കേണ്ടതും കമ്മറ്റി പരമാവധി 3 ഗ്രാമപഞ്ചായത്തുകളുടെ നോമിനേഷനുകളും ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ നോമിനേഷനും അംഗീകരിച്ച് പ്രോഗ്രാം ഓഫീസർമാർ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നോമിനേഷൻ ഫോമിനോടൊപ്പം ക്രൈറ്റീരിയ ഫോം, സ്കോർ ഉൾപ്പെടെയും ആവശ്യമായ രേഖകളും ഉള്ളടക്കം ചെയ്യേണ്ടതാണ്. നിശ്ചിത സമയ ക്രമത്തിനു ശേഷം ലഭ്യമാകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

സാമൂഹ്യനീതി ഡയറക്ടർ

ഈ.ജെ.1.4.17

## അങ്കണവാടികളുടെ പ്രവർത്തനത്തിനായി മികച്ച സേവനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകൾക്കുള്ള അവാർഡ് - നോമിനേഷൻ ഫോം.

### ഫോറം 1 എ

ജില്ല :

1. പ്രോജക്ടിന്റെ പേര് ::
2. ഗ്രാമപഞ്ചായത്തിന്റെ പേര്, അഡ്രസ്സ്, ഫോ.നം ::
3. പഞ്ചായത്തിന്റെ പരിധിയിലുള്ള ആകെ അങ്കണവാടികൾ::
4. സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ ? (%) ::
5. വൈദ്യുതീകരിച്ചിട്ടുള്ള അങ്കണവാടികൾ ? (%) ::
6. കുടിവെള്ള സൗകര്യമുള്ള അങ്കണവാടികൾ ? (%) ::
7. പാചകവാതകമുള്ള അങ്കണവാടികൾ ? (%) ::
8. പഞ്ചായത്ത് പ്രദേശത്തെ 0-3 പ്രായമുള്ള ആകെ കുട്ടികൾ ::
9. പഞ്ചായത്ത് പ്രദേശത്തെ 0-3 പ്രായമുള്ളതും അങ്കണവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കുട്ടികളുടെ എണ്ണം ::
10. പഞ്ചായത്ത് പ്രദേശത്തെ 3-6 പ്രായമുള്ള ആകെ കുട്ടികൾ ::
11. പഞ്ചായത്ത് പ്രദേശത്തെ 3-6 പ്രായമുള്ളതും അങ്കണവാടി പ്രീ-സ്കൂളിൽ ഹാജരാകുന്നതുമായ കുട്ടികളുടെ എണ്ണം ::
12. പഞ്ചായത്ത് പ്രദേശത്തെ എ ഗ്രേഡ് ലഭിച്ച അങ്കണവാടി കളുടെ എണ്ണം. ::
13. ALMSCയുടെ വാർഷിക യോഗങ്ങളുടെ എണ്ണം ::
14. അങ്കണവാടി ഗുണഭോക്താക്കൾക്കായി നടത്തുന്ന അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിന്റെ മാനദണ്ഡം അധികരിച്ച് തുക ചെലവഴിക്കുന്നതിന്റെ വിശദാംശങ്ങൾ.
    a) G.O.I മാനദണ്ഡപ്രകാരം SNP യ്ക്കായി ചെലവഴിക്കേണ്ട തുക ? ::
    b) ചെലവഴിച്ച തുക ::

ഒപ്പ്
പഞ്ചായത്ത് പ്രസിഡന്റ്.

ഒപ്പ്
പഞ്ചായത്ത് സെക്രട്ടറി

## ഐ.സി.ഡി.എസ്. പദ്ധതി നടത്തിപ്പിനായി മികച്ച സേവനം കാഴ്ചവയ്ക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ള അവാർഡ് - നോമിനേഷൻ ഫോം.

### ഫോറം 2 എ

ജില്ല.

1. പ്രോജക്ടിന്റെ പേര് ::
2. ബ്ലോക്ക് പഞ്ചായത്തിന്റെ പേര്, അഡ്രസ്സ്, ഫോ.നം. ::
3. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ആകെ അങ്കണവാടികൾ ::
4. 2016-17 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പരിധിയിലുള്ള ഐ.സി.ഡി.എസ്. ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്ത് നല്കിയ സംഭാവനകൾ ::
5. 2016-17 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ്. ഓഫീസ് മുഖാന്തിരം സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ, ആയതിലേയ്ക്കുള്ള ചെലവുകൾ. ::
6. 2016-17 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ്. ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബ്ലോക്ക് പഞ്ചായത്ത് നല്കിയ സംഭാവനകൾ. ::
7. ബ്ലോക്ക് പരിധിയിലുള്ള അങ്കണവാടികളുടെ വികസനത്തിനും അങ്കണവാടി ഗുണഭോക്താക്കൾക്കും വേണ്ടി ബ്ലോക്ക് പഞ്ചായത്ത് നല്കിയ സംഭാവനകൾ. ::
8. ബ്ലോക്ക് പരിധിയിലുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ബ്ലോക്ക് പഞ്ചായത്ത് നല്കിയ സംഭാവനകൾ. ::

ഒപ്പ്
പ്രസിഡന്റ്.

ഒപ്പ്
സെക്രട്ടറി

അനുബന്ധം-A

## Criteria for selection of Gramapanchayaths for the Awards.

| Sl. No. | Criteria | Scoremethod |
|---|---|---|
| 1. | % of AWCs within the Panchayt area having own building | Below 24% -1<br>25% to 49% -2<br>50% to 74% -3<br>75% to 99% -4<br>100% - 5 |
| 2. | % of AWCs within the Panchayt area having electrification | Below 24% -1<br>25% to 49% -2<br>50% to 74% -3<br>75% to 99% -4<br>100% - 5 |
| 3. | % of AWCs within the Panchayt area having drinking water facilities | Below 24% -1<br>25% to 49% -2<br>50% to 74% -3<br>75% to 99% -4<br>100% - 5 |
| 4. | % of AWCs within the Panchayt area having gas connection | Below 24% -1<br>25% to 49% -2<br>50% to 74% -3<br>75% to 99% -4<br>100% - 5 |
| 5. | % of 0-3 age group children within the Panchayt area, registered in AWCs | Below 24% -1<br>25% to 49% -2<br>50% to 74% -3<br>75% to 99% -4<br>100% - 5 |
| 6. | % of 3-6 children (preschool), within the Panchayt area attended in AWCs. | Below 24% -1<br>25% to 49% -2<br>50% to 74% -3<br>75% to 99% -4<br>100% - 5 |
| 7. | % of AWCs within the Panchayt area having A grade | Below 24% -1<br>25% to 49% -2<br>50% to 74% -3<br>75% to 99% -4<br>100% - 5 |

| | | |
|---|---|---|
| 8. | No. of ALMS (Anganwadi level monitoring & support committee) meeting conducted from 2016 January to 2016 November | 1 mark for 1 meeting (maximum 5 marks) |
| 9. | Amount spend for SNP over and above the GOI norms | Above 100% GOI norms -5<br>Above 75% GOI norms -4<br>Above 50% GOI norms -3<br>Above 25% GOI norms -2<br>Below 25% GOI norms -1 |
| 10. | Performance of panchayath in the effective functioning of AWCs in the Panchayath. | Poor - 1<br>Satisfactory - 2<br>Good - 3<br>Very good - 4<br>Excellent - 5 |

# Criteria for selection of Block Panchayth for Award

**അനുബന്ധം-B**

**ബ്ലോക്ക് പഞ്ചായത്ത്**

| Sl. No. | Criteria |
|---|---|
| 1. | ബ്ലോക്ക് പരിധിയിലുള്ള ഐസിഡിഎസ് ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തിന്റെ സംഭാവന വിശദമായ കുറിപ്പ് സഹിതം |
| 2. | 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ICDS മുഖാന്തിരം സിഡിപിഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ, ആയതിലെയ്ക്കുള്ള ചെലവുകൾ |
| 3. | ബ്ലോക്ക് പരിധിയിലുള്ള ICDS ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നൽകിയിട്ടുള്ള സംഭാവനകൾ |
| 4. | ബ്ലോക്ക് പരിധിയിലുള്ള അങ്കണവാടികളുടെ വികസനത്തിനും അങ്കണവാടി ഗുണഭോക്താക്കൾ ക്കും വേണ്ടി നൽകിയിട്ടുള്ള സംഭാവനകൾ |
| 5. | ബ്ലോക്ക് പരിധിയിലുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ബ്ലോക്ക് നൽകിയ സംഭാവനകൾ |

- ഒരു ഇനത്തിന് പരമാവധി 10 മാർക്ക്
- ഓരോ ഇനത്തിനും വിശദമായ കുറിപ്പ്, ഡോക്യുമെന്റേഷൻ സഹിതം നോമിനേഷൻ സമർപ്പിക്കണം

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി - മികച്ച ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തിനും അവാർഡ് നൽകുന്നതിനുള്ള അനുമതി നൽകിയും അവാർഡ് നിർണ്ണയത്തിനായി ജില്ലാതല കമ്മിറ്റിയും സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.219/2017/സാനീവ തീയതി, തിരുവനന്തപുരം31.03.2017**

---

പരാമർശം: സാമൂഹ്യനീതി ഡയറക്ടറുടെ 28.10.2016 ലെ ICDS-A2-22394/16 നമ്പർ കത്ത്.

**ഉത്തരവ്**

അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ മികച്ച സേവനം കാഴ്ചവയ്ക്കുന്ന ഓരോ ജില്ലകളിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്തിനും 10,000/- രൂപ വീതം ക്യാഷ് അവാർഡും ICDS പദ്ധതി നിർവ്വഹണം, ഓഫീസ് പ്രവർത്തനം എന്നിവയിൽ മികച്ച സേവനം കാഴ്ചവയ്ക്കുന്ന ബ്ലോക്ക് പഞ്ചായത്തിന് സംസ്ഥാന തലത്തിൽ 50,000/- രൂപ ക്യാഷ് അവാർഡ് ഏർപ്പെടുത്തുന്നതിന് ICDS ന്റെ 19-ാം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയുണ്ടായെന്നും ഈ പദ്ധതിക്ക് വേണ്ടി വരുന്ന ₹2,45,000/- രൂപ നടപ്പ് സാമ്പത്തിക വർഷം 2235-02-102-47 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് വിനിയോഗിക്കുന്നതിനു അനുമതി നൽകണമെന്നും ഇതിനായി ജില്ലാ തല കമ്മിറ്റിയും സംസ്ഥാനതല കമ്മിറ്റിയും രൂപീകരിക്കണമെന്നും പരാമർശ കത്തിലൂടെ സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു..

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ICDS പദ്ധതി നിർവഹണങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ജില്ലയിലെ ഓരോ ഗ്രാമപഞ്ചായത്തിനും സംസ്ഥാനത്തെ ഒരു ബ്ലോക്ക് പഞ്ചായത്തിനും അവാർഡ്

ഏർപ്പെടുത്തുന്നതിനും അതിനാവശ്യമായ തുക 2235-02-102-47-ICDS-60%CSS ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിനു അനുമതി നൽകിയും ഗ്രാമപഞ്ചായത്തുകളെയും ബ്ളോക്ക് പഞ്ചായത്തുകളെയും തെരഞ്ഞെടുക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ പ്രോഗ്രാം ഓഫീസർ എന്നിവരടങ്ങുന്ന ജില്ലാതല കമ്മിറ്റിയും, സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, സാമൂഹ്യനീതി ഡയറക്ടർ, സ്റ്റേറ്റ് പ്രോജെക്ട് ഡയറക്ടർ എന്നിവരടങ്ങുന്ന സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**മിനി ആന്റണി ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide WW2/33/2017/FIN, e-396174 )
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ